തൊഴിൽ വകുപ്പിന്റെ പദ്ധതിച്ചെലവ്

237 (945) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷം നാളിതു വരെയുള്ള പദ്ധതിച്ചെലവ് സംബന്ധിച്ച വിശദമായ കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളത്. ലേബർ കമ്മീഷണറേറ്റിന്റെ കീഴിൽ വരുന്ന രാഷ്ട്രീയ സ്വസ്ഥ്യ ബീമാ യോജന, വ്യവസായ പരിശീലന വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലിന്റെ 'പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.റ്റി.ഐ.-കളുടെ നിലവാരമുയർത്തൽ' 'മോഡുലർ എംപ്ലോയബിൾ സ്കിൽ-നെ ചുവടുപിടിച്ചുള്ള സ്കിൽ ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം' എന്നിവയാണ് അവ.

(സി) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 20000 ലക്ഷം രൂപയിൽ (കേന്ദ്ര വിഹിതം 150 കോടിയും സംസ്ഥാന വിഹിതം 50 കോടിയും) 13660 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെല്ലിന്റെ പദ്ധതിച്ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

(i) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.റ്റി.ഐ.-കളുടെ നിലവാരമുയർത്തൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഇതുവരെയും എസ്.ഐ.സി.-യിൽ തുക ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ii) സ്കിൽ ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം പദ്ധതിയുടെ നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നേരിട്ട് എസ്.ഡി.ഐ.എസ്.കെ സൊസൈറ്റിക്ക് നൽകിയ തുകയിൽനിന്ന് 7 കോടി 36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(iii) സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ്

ശമ്പളം നവംബർ 2014 വരെ -2507550 രൂപ

സിവിൽ വർക്സ്, യന്ത്ര സാമഗ്രികളുടെ സംഭരണം -4326672 രൂപ

ആകെ -6834222 രൂപ

ക്രമ നമ്പർ	വകുപ്പ്	ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച (ലക്ഷത്തിൽ)
1.	ലേബർ കമ്മീഷണറേറ്റ്	46210	25014.21
2.	ഫാക്ടറി&ബോയിലേഴ്സ്	600	158.13
3.	ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്	8778	4710.21
4.	ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്	2153	747.95
5.	ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസസ്	140	39.5
6.	കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്	175	35

പ്രസ്സ് തൊഴിലാളികളുടെ ക്ഷേമം

238 (946) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസ്സ് തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്സ് തൊഴിലാളികൾക്ക് ഒരു ഐ.ആർ.സി. രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ;

(സി) പ്രസ്സ് തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly